LIBRARY ARCHIVES Kerala Legislative Assembly

വനിതാ പോലീസ് അംഗസംഖ്യ

82(374) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ എത്ര വനിതാ പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്;

(ബി) വനിതാ പോലീസ് സബ്ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വിവിധ പോലീസ് സേനകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ

83(375) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പോലീസ് സേനകളിൽ പോലീസ് കോൺസ്റ്റബിളിന്റെ എത്ര റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളതെന്ന് പ്രത്യേകമായി വെളിപ്പെടുത്തുമോ;

(ബി) ഓരോ റാങ്ക് ലിസ്റ്റിലും എത്ര പേർക്ക് നിയമനം നല്കിയെന്നും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എസ്.എ.പി., എം.എസ്.പി., കെ.എ.പി.1, കെ.എ.പി.2, കെ.എ.പി.3, കെ.എ.പി.4, കെ.എ.പി.5 എന്നീ യൂണിറ്റുകളിൽ പോലീസ് കോൺസ്റ്റബിൾ ലിസ്റ്റ് നിലവിലുണ്ട്.

ക്രമ നമ്പർ	യൂണിറ്റ്	നിയമനം	ഒഴിവുകൾ
1.	എം.എസ്.പി.	1358	ഇല്ല
2.	എസ്.എ.പി.	950	ഇല്ല
3.	കെ.എ.പി.1	1222	ഇല്ല
4.	കെ.എ.പി.2	1318	ഇല്ല
5.	കെ.എ.പി.3	1166	ഇല്ല
6.	കെ.എ.പി.4	896	ഇല്ല
7.	കെ.എ.പി.5	807	ഇല്ല

(സി) ഉത്തരം ബി-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.